**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1013** **14-01-2021 - ൽ മറുപടിയ്ക്ക്**

**പുഴ പുനരുജ്ജീവന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ .എൻ .എ. ഖാദർ ,<br>ശ്രീ.പി. കെ. ബഷീർ ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. അബ്ദുൽ ഹമീദ് .പി . | | **Shri. K. Krishnankutty**<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ഹരിതകേരളം മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയ പുഴ പുനരുജ്ജീവന പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഹരിതകേരളം മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയ പുഴപുന:രുജ്ജീവന പദ്ധതിയുടെ പ്രവർത്തനവും ഗുണഫലങ്ങളും വിലയിരുത്തി യിട്ടുണ്ട്. ജലസ്രോതസ്സുകളുടെ നീരൊഴുക്ക് പുന:സ്ഥാപനം, മാലിന്യലഘൂകരണം, ജലസേചന നിർമ്മിതികൾക്കു സമീപം അടിഞ്ഞുകൂടിയിരുന്ന എക്കലും മാലിന്യങ്ങളും നീക്കംചെയ്യൽ, പുഴയിലേക്ക് വന്നുചേരുന്ന തോടുകളിലെ ആഴം വർദ്ധിപ്പിച്ച് ജലസംരക്ഷണ നിർമ്മിതികളായ തടയണ/വി.സി.ബി എന്നിവയുടെ നിർമ്മാണം, തോടുകളുടെ വൃഷ്ടി പ്രദേശത്തുള്ള കുളങ്ങളുടെ ശുചീകരണവും സംഭരണശേഷി വർദ്ധിപ്പിക്കലും തുടങ്ങിയ പ്രവൃത്തികൾ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെയും ജനപങ്കാളി ത്തത്തോടെയും നിർവ്വഹിക്കാൻ സാധിച്ചിട്ടുണ്ട്. കൂടാതെ, ജലസംരക്ഷണത്തിന്റെയും, പുഴകളും തോടുകളും മാലിന്യമുക്തമാക്കി സൂക്ഷിക്കേണ്ട തിന്റേയും പ്രാധാന്യം ജനങ്ങളിലേക്ക് എത്തിക്കാൻ ഈ പ്രവർത്തനം വഴി സാധ്യമായിട്ടുണ്ട്. |
| (ബി) | ഈ പദ്ധതിപ്രവർത്തനം സംസ്ഥാനം മുഴുവൻ വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | സംസ്ഥാനത്തെ ത്രിതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മുനിസിപ്പാലിറ്റികൾ/ കോർപ്പറേഷനുകൾ എന്നിവയുടെ സഹകരണ ത്തോടെയും പങ്കാളിത്തത്തോടെയുമാണ് നിലവിൽ ഈ പ്രവർത്തനം നിർവ്വഹിച്ചു വരുന്നത്. പുതുതായി അധികാരത്തിൽ വന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടുകൂടി ഈ പദ്ധതി മുന്നോട്ട് കൊണ്ടുപോകാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | ജലസ്രോതസ്സുകൾ മലിനപ്പെടുത്തുന്നവരെ കണ്ടെത്തുന്നതിനും മലിനീകരണം തടയുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ? | (സി) | ജലസ്രോതസ്സുകൾ മലിനീകരിക്കുന്നവരെ കണ്ടെത്തി നടപടികൾ സ്വീകരിക്കു ന്നതിനും പിഴ ഈടാക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരമുണ്ട്. സംസ്ഥാന |

| | | | |
|---|---|---|---|
| | | | മലിനീകരണ നിയന്ത്രണ ബോർഡും നടപടികൾ സ്വീകരിച്ച വരുന്നു. കൂടാതെ, 2018 ലെ കേരളാ ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) നിയമപ്രകാരം ജലസ്രോതസ്സ കളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെ തിരെ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളിൽ, ജലസേചന വകുപ്പ് ഉദ്യോഗസ്ഥർ കേസ് കൊടുക്കുകയും, പോലീസ് ഉദ്യോഗസ്ഥർ തുടർ അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കാറുമുണ്ട്. ഇതിനുപരിയായി കേരളത്തിലെ 21 നദീഭാഗങ്ങൾ വലിയ തോതിൽ മലിനീകരിക്കപ്പെട്ടതാണെന്ന കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ കണ്ടെത്തലിനെ തുടർന്ന്, ബഹു ദേശീയ ഹരിത ട്രിബ്യൂണൽ സ്വമേധയാ എടുത്ത കേസിന്റെ തുടർ നടപടിയുടെ ഭാഗമായി ജലമലിനീകരണം കുറയ്ക്കുന്നതിനുള്ള ആക്ഷൻ പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ, സംസ്ഥാനത്തെ വിവിധ എഞ്ചിനീയറിംഗ് കോളേജുകളുടെ സഹകരണത്തോടെ വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി & എൻവയൺമെന്റിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ മലിനീകരണ ഭീഷണി നേരിടുന്ന പുഴകളായ മീനച്ചിൽ, പെരിയാർ, പമ്പ, കല്ലായി, വളപട്ടണം എന്നിവയുടെ പുനരുജ്ജീവനത്തിനും അവയുടെ സുസ്ഥിരത നിലനിർത്തുന്നതിനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് ഒരു വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള കൺസൾട്ടൻസി കരാർ M/s വോയന്റ്സ് സൊല്യൂഷൻ പ്രൈവറ്റ് ലിമിറ്റഡിന് നൽകിയിട്ടുണ്ട്. ടി പ്രവർത്തി പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ